US PROFILES

ജി. പുത്തൻകുരിശ്

emalayalee.com

എഴുത്തിന്റെ കാൽപ്പാടുകൾ: ജി. പുത്തൻകുരിശ്

◉ മീട്ടു റഹ്മത്ത് കലാം

ലോകത്തിന്റെ ആകുലതകളെ സ്നേഹത്തിന്റെ മാന്ത്രികസ്പർശം കൊണ്ട് മായ്ചുകളഞ്ഞ കവിയാണ് ഖലീൽ ജിബ്രാൻ. അദ്ദേഹത്തിന്റെ കവിതകൾ അതിന്റെ ആത്മാവ് കണ്ടെത്തി വിവർത്തനം ചെയ്യണമെങ്കിൽ സർഗാത്മകതയ്ക്ക് അപ്പുറമായി ആ ചിന്താധരണികൾ ആഴത്തിൽ കണ്ടെത്തിയിരിക്കണം. ഗൃഹാതുരതയുടെ പേരിൽ കവിത കുറിക്കുന്ന ഏതെങ്കിലുമൊരു പ്രവാസി മലയാളിക്ക് ആ ദൗത്യം പൂർത്തീകരിക്കാനാകില്ല. പ്രകൃതി സാമീപ്യത്തിന്റെ ഉൾക്കാഴ്ചയുള്ള

ജി.പുത്തൻകുരിശ് എന്ന അമേരിക്കൻ-മലയാളിയെ സംബന്ധിച്ച് ജിബ്രാന്റെ കവിതകൾ മൊഴിമാറ്റം ചെയ്യുന്നത് ശ്രമകരമാകാതിരുന്നത് ചിന്തയിലെ സമാനതകൾ കൊണ്ടാകാം. ഹ്യൂസ്റ്റണിലെ ഹാരിസ് സിസ്റ്റം ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിന്റെ ഡിസ്ട്രിക്ട് മാനേജറായി വിരമിച്ച അദ്ദേഹം,പ്രിയ വായനക്കാർക്കു മുന്നിൽ എഴുത്തിന്റെ നാൾവഴികളും വ്യക്തിജീവിതവും വിവരിക്കുന്നു...

പതിറ്റാണ്ടുകളായി അമേരിക്കയിൽ കഴിയുന്ന ഒരു വ്യക്തി മലയാളത്തെ ഇത്രയേറെ സ്നേഹിക്കുന്നത് എന്തുകൊണ്ടാണ്?

എറണാകുളം ജില്ലയിലെ പുത്തൻകുരിശാണ് സ്വദേശം. പിതാവ് ഉമ്മൻ.മാതാവ് മറിയം.അമ്മ നന്നായി വായിക്കുമായിരുന്നു.ആ ശീലമാണ് എനിക്ക് പകർന്നുകിട്ടിയത്. ബിരുദപഠനത്തിന് ഫിസിക്സിനൊപ്പം രണ്ടാം ഭാഷയായി മലയാളം തിരഞ്ഞെടുത്തതോടെ കവിതകൾ ഗഹനമായി പഠിക്കാൻ സാധിച്ചു.



അക്കാലത്തെ പ്രഗത്ഭരായ ഭാഷാ അദ്ധ്യാപകർ ചെലുത്തിയ സ്വാധീനവും ചെറുതല്ല.'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്യന് പെറ്റമ്മ തൻ ഭാഷ താൻ' എന്ന വള്ളത്തോളിന്റെ വരികൾ പഠിച്ചുവളർന്നതുകൊണ്ടാകാം, അമേരിക്കയിൽ എത്തിയശേഷം മലയാളത്തോടുള്ള ഇഷ്ടം കൂട്ടിയിട്ടേയുള്ളൂ.

എഴുതുമ്പോൾ നാടിന്റെ പേര് ഒപ്പം ചേർക്കാൻ പ്രത്യേകിച്ചൊരു കാരണം?

ബ്രിടീഷ് ആർമിയിൽ ജോലി ചെയ്തിരുന്ന ഒരു സുഹൃത്ത് പറഞ്ഞ വാചകമാണ് നാടിന്റെ പേര് തൂലികാനാമത്തിൽ ചേർക്കാൻ പ്രേരണയായത്. അദ്ദേഹമിന്ന് ജീവിച്ചിരിപ്പില്ല. എഴുതിത്തീരുന്നതോടെ ആ രചനകൾ എഴുത്തുകാരന്റേത് അല്ലാതാകുമെന്നും, പിന്നെ അതിന്റെ അവകാശം അയാളുടെ നാടിനാണെന്നുമാണ് സുഹൃത്ത് പറഞ്ഞത്. ചിന്തിച്ചപ്പോൾ അതിലൊരു യുക്തിയുണ്ടെന്ന് തോന്നി. വയലാറും ചങ്ങമ്പുഴയും എല്ലാം നാടിനെ പേരിനൊപ്പം ചേർത്തത് അങ്ങനെയായിരിക്കാം.എന്തായാലും, ജോർജ്ജ് ഉമ്മൻ എന്ന ഞാൻ ജി.പുത്തൻകുരിശ് എന്ന് എഴുത്തിന്റെ ലോകത്ത് ജ്ഞാനസ്നാനപ്പെട്ടു.

എങ്ങനെയാണ് അമേരിക്കയിൽ എത്തിയതും, ന്യൂക്ലിയർ മെഡിസിൻ എന്ന രംഗത്തേക്ക് കടന്നതും?

വെല്ലൂർ മെഡിക്കൽ കോളജിലാണ് ഭാര്യ ഗീത നഴ്സിംഗ് പഠിച്ചത്.അന്നൊക്കെ, അവിടത്തെ വിദ്യാർത്ഥികളെ ഇന്റർവ്യൂ ചെയ്ത് അമേരിക്കയിലേക്ക് റിക്രൂട്ട് ചെയ്യുമായിരുന്നു. ഇന്റർവ്യൂ അറ്റൻഡ് ചെയ്ത് വിജയിച്ചു. പിന്നീട് ഞങ്ങൾ ഒമാനിൽ കഴിയുമ്പോഴാണ് അമേരിക്കയിലേക്കുള്ള വിസ ശരിയായത്. ആ സമയത്ത് എന്റെ സഹോദരൻ ബോസ്റ്റണിൽ പിഎച്ച്ഡി ചെയ്യുകയായിരുന്നു.അദ്ദേഹം ഒരു ശാസ്ത്രജ്ഞനാണ്. ന്യൂക്ലിയർ മെഡിസിൻ എന്ന പ്രൊഫഷന്റെ സാധ്യത മുന്നിൽ കണ്ടാണ് ആ വിഷയത്തിൽ ഇവിടെ ബിരുദപഠനത്തിന് ചേർന്നത്.മുപ്പത് വർഷം ആ മേഖലയിൽ ജോലി ചെയ്തു.ഹ്യൂസ്റ്റണിലെ ഹാരിസ് സിസ്റ്റം ന്യൂക്ലിയർ മെഡിസിന്റെ ഡിസ്ട്രിക്ട് മാനേജരായാണ് വിരമിച്ചത്. രോഗികളും ഡോക്ടർമാരും ശാസ്ത്രജ്ഞരുമായും സംവദിച്ചുകൊണ്ടുള്ള തൊഴിൽ, ജീവിതത്തിൽ മറക്കാനാകാത്ത ധാരാളം അനുഭവങ്ങൾ സമ്മാനിച്ചിട്ടുണ്ട്.കാൻസർ രോഗികളാണ് കൂടുതലും നമ്മുടെ അടുത്ത് വരുന്നത്.

ന്യൂക്ലിയർ മെഡിസിൻ എന്നുപറയുമ്പോൾ, രോഗനിർണ്ണയത്തെ എളുപ്പമാക്കുന്ന ഒന്നാണല്ലോ. സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ ഒന്ന് വിശദീകരിക്കാമോ?

emalayalee.com



റേഡിയോ ആക്റ്റീവ് ഐസോടോപ്പിനെ ഉപയോഗിച്ച് ഇമേജിങ് നടത്തുന്ന സംവിധാനം എന്ന് ലളിതമായി പറയാം.

സാധാരണയായി ഇമേജിങ്ങിന് ഉപയോഗിക്കുന്ന ടെക്നിഷ്യം എന്ന റേഡിയോ ആക്റ്റീവ് ഐസോടോപ്പിന്റെ ഊർജം 140 കെഇവി ആണ്; ഹാഫ് ലൈഫ് ആറു മണിക്കൂറും. അതിലൂടെ വരുന്ന ഗാമ രശ്മികൾ എടുത്ത് ചില ഫാർമസ്യൂട്ടിക്കൽസുമായി ടാഗ് ചെയ്ത് ശരീരത്തിൽ കുത്തിവച്ചാൽ പല തരം രോഗനിർണയം സാധ്യമാകും.ഉദാഹരണത്തിന്, രോഗിയെ ട്രെഡ് മില്ലിൽ കയറ്റി അവരുടെ ഹൃദയമിടിപ്പ് മാക്സിമം ആകുന്ന സമയത്ത്,കാർഡിയോലൈറ്റുമായി ടാഗ് ചെയ്ത് ഇൻജെക്റ്റ് ചെയ്യുക.എന്നിട്ട് ഗാമ ക്യാമറയ്ക്ക് മുന്നിൽ എത്തിക്കുമ്പോൾ ഹൃദയപേശികളിൽ നിന്നുവരുന്ന പ്രകാശത്തെ എടുത്ത് അതിന്റെ ചിത്രം 3 ഡി ആയി ലഭിക്കും.ന്യൂക്ലിയർ മെഡിസിനുവേണ്ടി അസ്ട്രോണിഷ് എന്നൊരു സോഫ്ട്വെയർ തന്നെയുണ്ട്. അതുപയോഗിച്ച് രോഗനിർണ്ണയം എളുപ്പമാകും. ഡയഗ്നോസിസ് നടത്തിയ ശേഷം ഡോക്ടർമാർ അത് റിവ്യൂ ചെയ്ത് സൈൻ ഓഫ് ചെയ്താൽ മതി. ഒരർത്ഥത്തിൽ അവരുടെ ജോലി എളുപ്പമാക്കുന്നവരാണ് ഞങ്ങൾ. ബോൺ കാൻസർ ആണെങ്കിൽ,ടെക്നിഷ്യം എം ഡി പി (MDP) എന്ന ഫാർമസ്യൂട്ടിക്കൽ ഇൻജെക്ട് ചെയ്യും. ഇൻഡിയം-111, താലിയം തുടങ്ങിയ മറ്റു ഐസോടോപ്സും ഇമേജിങ്ങിനു വേണ്ടി ഉപയോഗിക്കാറുണ്ട്

തൈറോയിഡ് തെറപി എന്നതും ന്യൂക്ലിയർ മെഡിസിനുമായി ചേർന്ന് കേൾക്കുന്നതാണല്ലോ,അതൊരു ചികിത്സാരീതിയാണോ?

തൈറോയിഡുമായി ബന്ധപ്പെട്ട രോഗങ്ങൾ സ്ത്രീകളിലാണ് കൂടുതലായി കണ്ടുവരാറുള്ളത്. തൈറോയ്ഡക്ടമി എന്ന സർജറിയിലൂടെ തൈറോയ്ഡ് ഗ്രന്ഥിയെ നീക്കം ചെയ്യും.എങ്കിലും, രോഗം ബാധിച്ച ചില ടിഷ്യു അവശേഷിക്കും. ഐ 131 എന്ന ഐസോട്ടോപ്പ് ഉപയോഗിച്ച് കാൻസറസ് ടിഷ്യു നശിപ്പിച്ചുകളയാം. അത്തരം തെറപ്പികളും ന്യൂക്ലിയർ മെഡിസിനിലെ വലിയ കണ്ടെത്തലാണ്.

ചിലർക്ക് ദുഃഖം വരുമ്പോഴാണ് കവിത അണപൊട്ടുന്നതെന്ന് കേട്ടിട്ടുണ്ട്. താങ്കൾക്ക് കവിത എഴുതാൻ പ്രേരണ നൽകുന്ന വികാരം ഏതാണ്?

പ്രകൃതിയുടെ ചൈതന്യമാണ് എന്നിലെ കവിയെ മിക്കപ്പോഴും ട്രിഗർ ചെയ്തിട്ടുള്ളത്. നമ്മൾ കാണുന്ന പ്രകൃതിക്ക് പിന്നിലെ ചൈതന്യത്തെ തേടിപ്പോകാൻ എന്നിലെ സയൻസ് വിദ്യാർത്ഥിക്കും എഴുത്തുകാരനും ഒരുപോലെ താല്പര്യമാണ്. നിത്യ ചൈതന്യം എന്ന എന്റെ ആദ്യ കവിത പിറന്നത് അത്തരത്തിൽ മനസ്സ് നടത്തിയ ഒരു അന്വേഷണത്തിൽ നിന്നാണ്. സന്തോഷം തോന്നുമ്പോഴും ഞാൻ കവിത എഴുതിയിട്ടുണ്ട്.രാത്രി ചന്ദ്രനെ നോക്കി എഴുതിയ 'ആത്മപ്രഹർഷം' ആ ഗണത്തിൽ പെടുന്നതാണ്. ചുറ്റുപാടും കണ്ണോടിച്ചാൽ, എന്തും കവിതയ്ക്ക് വിഷയമാകാം. മുറ്റത്തെ മാവിലേക്ക് നോക്കിയാൽ അതിലെ മാങ്ങ പോലും കവിതയ്ക്ക് പ്രേരണയാകാം. തൊഴിലുമായി ബന്ധപ്പെട്ട് കണ്ടുമുട്ടുന്നവരുടെ മാനസിക സംഘർഷങ്ങളും കവിത കുറിക്കാൻ പ്രേരണയായിട്ടുണ്ട്. ബോൺ ക്യാൻസറിന്റെ അവസാന ഘട്ടത്തിൽ എന്റെ ഇമേജിങ് ടേബിളിലേക്ക് എത്തിയ ഒരു സ്ത്രീയെ, അവരുടെ സഹോദരി ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ നടത്തുന്ന ശ്രമം,ആശുപത്രിയിലെ ജോലിക്കിടയിൽ മനസ്സിൽ കയറിപ്പറ്റിയതാണ്. പ്രതീക്ഷയുടെ എല്ലാ വാതിലുകളും അടഞ്ഞിട്ടും സഹോദരി തിരിച്ചുവരുമെന്ന പ്രത്യാശ കൈവിടാതെ നിന്ന ആ സ്നേഹം കണ്ടാണ്

'ഇരുളുപോൽ അർബുദം പടരുന്നു അസ്ഥിക്കുള്ളിൽ
സിരകൾ പിടിച്ചാകെ വലിഞ്ഞുമുറുക്കുന്നു
ഞരങ്ങി ഞരങ്ങി ഞാൻ തളർന്നുതുടങ്ങുമ്പോൾ
വരുന്നു നിദ്രാദേവി തഴുകി ഉറക്കുവാൻ,

ഇല്ല ഴിഞ്ഞില്ല ആ സ്വപ്നങ്ങൾ ഒന്നുംതന്നെ
അല്ലലിൻ ആഴങ്ങളിൽ തുടിപ്പൂ പ്രാണനിന്നും
,ഉള്ളുകത്തുമ്പോഴും തന്നിടും പരാശക്തി
ഉള്ളറയ്ക്കുള്ളിൽ നിന്നും തിളങ്ങും സ്വപ്നങ്ങളെ....
' എന്ന വരികൾ പിറന്നത്.

സ്മരണാഞ്ജലി എന്ന കവിത അമ്മയുടെ മരണത്തിൽ നിന്നുണ്ടായ വേദനയിൽ എഴുതിയതാണ്.

നന്നായി വായിക്കുമെന്നറിയാം.എഴുത്തിന് സഹായിക്കുന്ന ശീലങ്ങൾ എന്തൊക്കെയാണ്?

കുമാരനാശാൻ, ചങ്ങമ്പുഴ തുടങ്ങി മലയാളത്തിലെ കവികളുടെ എല്ലാം പുസ്തകങ്ങൾ അമേരിക്കയിലെ വീട്ടിലെ എന്റെ സ്വകാര്യ ഗ്രന്ഥശാലയിലുണ്ട്.അതുപോലെ ഋഗ് വേദത്തിന്റെ പത്ത് വോള്യം. കേരളത്തിൽ കിട്ടാത്ത അപൂർവ പുസ്തകങ്ങളുടെ ശേഖരവും എന്റെ പക്കലുണ്ട്. ചില വാക്കുകളും വരികളും കുറിച്ചുവയ്ക്കുന്ന സ്വഭാവം, എഴുത്തിന് ഗുണം ചെയ്യാറുണ്ട്. മനസ്സിൽ തോന്നുന്ന വരികൾ ഫോണിൽ റെക്കോർഡ് ചെയ്യുന്നതാണ് മറ്റൊരു ശീലം.

വൃത്തങ്ങളുടെ ചട്ടക്കൂടിൽ നിൽക്കുന്നത് മാത്രമാണ് കവിത എന്ന വാദത്തെ എങ്ങനെ കാണുന്നു?

അച്ചടക്കം എന്തിന്റെയും ഭംഗി കൂട്ടും എന്ന വിശ്വാസക്കാരനാണ് ഞാൻ. പ്രകൃതിക്ക് പോലും ഒരു ഡിസിപ്ലിനുണ്ട്. മഴ പെയ്യുമ്പോഴും പുഴ ഒഴുകുമ്പോഴും ഒരുതാളമുണ്ട്. അലങ്കാരങ്ങളും അച്ചടക്കവും പ്രാസവുമെല്ലാം കവിതയെ മനോഹരമാക്കുകയെ ഉള്ളു.ഗാനങ്ങൾ ചിട്ടപ്പെടുത്തുന്നത് പല രാഗങ്ങളിലാണല്ലോ.അവയാണ് അതിന് ഭാവം പകരുന്നത്. കവിതകൾക്ക് വികാരം പകരുന്നതിൽ വൃത്തങ്ങൾക്ക് സമാനമായൊരു പങ്കുണ്ട്. ഭാഷയുടെ സൗന്ദര്യം വർദ്ധിപ്പിക്കുന്നതിനപ്പുറം കവിതയുടെ ഇമോഷൻ കൃത്യമായി വായനക്കാരനിൽ എത്തിക്കുന്നത് വൃത്തങ്ങളാണ്. 'പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വച്ച് ...' എന്ന വരികൾ മൂളുന്ന മാത്രയിൽ, കേക വൃത്തമാണ് പ്രകൃതിയുടെ സൗന്ദര്യം കണ്ണുകളിൽ വിരിയിക്കുന്നത്.ആധുനിക കവിതകൾ നമ്മൾ വായിക്കുന്നു എന്നല്ലാതെ ആ വരികൾ മനസ്സിൽ തങ്ങി നിൽക്കുന്നില്ല.പഴയകാല കവിതകളിലെ താളവും ഭംഗിയും വൈകാരികതയും നഷ്ടമായിക്കൊണ്ടിരിക്കുകയാണ്.

ഖലീൽ ജിബ്രാന്റെ സാഹിത്യലോകത്തേക്കുള്ള രംഗപ്രവേശം അമേരിക്കയിൽവച്ചാണ് നടന്നത്. താങ്കളും ഇവിടെ എത്തിയ ശേഷമാണ് എഴുത്തിൽ സജീവമായത്. അദ്ദേഹത്തിന്റെ കവിതകൾ വിവർത്തനം ചെയ്തത് ഒരു നിയോഗമായിരിക്കുമോ?

അങ്ങിങ്ങായി വീണു കിടക്കുന്ന വിലയേറിയ മുത്തുകൾ ആരുടെയും ശ്രദ്ധയിൽപ്പെടാതെ പോകുന്നത് സങ്കടകരമാണ്. ഖലീൽ ജിബ്രാനെ പോലെ ഉള്ളവരെ ക്രീയേറ്റീവ് മൈനോറിറ്റി എന്ന് വേണം വിശേഷിപ്പിക്കാൻ.അധികമാർക്കും സാധിക്കുന്ന ഭാവനയല്ല അത്.അദ്ദേഹത്തിന്റെ കവിതകൾ ആർത്തിയോടെയും ആരാധനയോടെയും വായിച്ചു തീർക്കുമ്പോൾ, ആ വരികളുടെ ആഴം മലയാളികൾ കൂടി അറിയണമെന്ന തോന്നലിൽ നിന്നാണ് അത് വിവർത്തനം ചെയ്താലോ എന്ന ചിന്ത വന്നത്.ആഴ്ചയിൽ ഒരു കവിത വീതമാണ് മൊഴിമാറ്റം ചെയ്തത്.ഒരു താല്പര്യം ജനിച്ചുകഴിഞ്ഞാൽ,പിന്നെ നമ്മൾ പോലും അറിയാതെ എഴുത്ത് ആ ഒഴുക്കിൽ വന്നുകൊള്ളും.അതുകൊണ്ടുതന്നെ ശ്രമകരമായി തോന്നിയില്ല.

നാമിന്ന് കാണുന്ന ലോകത്തിന് അപ്പുറത്ത് ചില കാര്യങ്ങളുണ്ട് എന്ന ഓർമ്മപ്പെടുത്തലാണ് ജിബ്രാന്റെ രചനകൾ.

അമേരിക്കയിലെ അൻപത് സംസ്ഥാനങ്ങളും കണ്ടുതീർത്ത അധികം മലയാളികൾ ഉണ്ടാവില്ല. ആ അനുഭവം പങ്കുവയ്ക്കാമോ?

ജോലിയിൽ നിന്ന് വിരമിച്ച ശേഷം രണ്ടു സുഹൃത്തുക്കൾക്കൊപ്പം ഒരു മോഹത്തിന്റെ പുറത്ത് ഇറങ്ങിതിരിച്ചതാണ്.മൂന്ന് വർഷങ്ങൾ കൊണ്ടാണ്

യാത്ര പൂർത്തിയായത്.കണ്ടുതീർത്തു എന്ന അവകാശവാദമില്ല,അമേരിക്കയുടെ ഒരു ക്ഷണദർശനം എന്നുപറയാം.

എക്സ്പ്ലോറിങ് അമേരിക്ക എന്ന പേരിൽ ഒരു റെക്രിയേഷണൽ വെഹിക്കിൾ (ആർവി)എടുത്ത് 48 സ്റ്റേറ്റുകൾ ചുറ്റിക്കണ്ടു.ദിവസവും ആറേഴു മൈൽ നടക്കുകയും ചെയ്തു.അലാസ്കയും ഹവായിയും കരമാർഗം പോകാൻ സാധിക്കില്ല. അമേരിക്ക എക്സ്പ്ലോർ ചെയ്യുമ്പോൾ ആ രണ്ട് സംസ്ഥാനങ്ങൾ കൂടി ഉൾപ്പെടുത്തണമെന്ന് തോന്നി.

അലാസ്കയിലേക്ക് ക്രൂസിലാണ് പോയത്. ഹവായി വ്യോമമാർഗമാണ് സഞ്ചരിച്ചത്.ഓരോ സംസ്ഥാനങ്ങളും വ്യത്യസ്തമാണ്.മലകളും മഞ്ഞും മൊട്ടക്കുന്നുകളും പ്രകൃതിയുടെ ഭാഗമാണ്.കേരളവുമായി ഏറ്റവും സാമ്യം തോന്നിയത് ഹവായി എന്ന സംസ്ഥാനത്തിനാണ്.ഒരു ദ്വീപിൽ നിന്ന് മറ്റൊരു ദ്വീപിലേക്ക് പറക്കണം.ഒറ്റപ്പെട്ടുകിടക്കുന്ന ആ പ്രദേശം,കേരവൃക്ഷങ്ങളും പൂത്തുലഞ്ഞ മാവുകളും കാപ്പിത്തോട്ടങ്ങളും വാഴത്തോപ്പും കുരുമുളകും ആകർഷണീയമായ കാഴ്ചയാണ്. 'മലരണിക്കാടുകൾ തിങ്ങിവിങ്ങി' എന്ന കവിത ഏത് മലയാളിയുടെയും ചുണ്ടിൽ ഓടിയെത്തും.

വായനക്കാരിൽ നിന്നുള്ള പ്രതികരണങ്ങളെ എങ്ങനെ കാണുന്നു?

പേരിനോ പ്രശസ്തിക്കോ പണത്തിനോ വേണ്ടിയല്ല നമ്മൾ എഴുതുന്നത്,ആത്മസംതൃപ്തിക്കു വേണ്ടിയാണ്.നമ്മുടെ രചന ഒരാൾക്ക് ഇഷ്ടപ്പെട്ടു എന്നറിയുന്നത് ഏത് എഴുത്തുകാരനും സന്തോഷം നൽകും.നിരവധി സൗഹൃദങ്ങൾ അങ്ങനെ ലഭിച്ചിട്ടുണ്ട്. ഒരിക്കൽ ഒരു എൺപതുകാരൻ വിളിച്ച് എന്റെ കവിതയിലെ ചില സന്ദേശങ്ങൾ അദ്ദേഹത്തെ ആഴത്തിൽ സ്പർശിച്ചു എന്ന് പറഞ്ഞു. കുറെയധികം സംസാരിച്ചപ്പോൾ, അയാളുടെ അറിവിന്റെ ആഴം മനസ്സിലായി. ഒരുപാട് വായിക്കുന്ന അദ്ദേഹത്തെപ്പോലൊരാൾ, എന്റെ എഴുത്ത് ശ്രദ്ധിക്കുകയും അഭിനന്ദിക്കുകയും ചെയ്തല്ലോ എന്നത് അത്ഭുതപ്പെടുത്തി.'അക്ഷയനീശ്വരന്റെ പ്രണവമന്ത്രനാദം അക്ഷരരൂപിയായി ചേർന്നവ വേദമായി ' എന്നു തുടങ്ങുന്ന കവിത മെക്സിക്കോയിൽ വച്ച് പക്ഷികളുടെ കളകളനാദം കേട്ട് എഴുതിയതാണ്. പിന്നീടത് ഈണമിട്ട് പാട്ടായി വന്നു. സംഗീത സംവിധായകൻ എം.ജയചന്ദ്രൻ അതിനെ അഭിനന്ദിച്ച് കമന്റ് ചെയ്തതും മനസ്സുനിറച്ച അനുഭവമാണ്.

പ്രസിദ്ധീകരണങ്ങളും മറ്റു കലാപ്രവർത്തനങ്ങളും?

പ്രവാസഗീതം എന്ന പേരിൽ 43 കവിതകളുടെ സമാഹാരം 2004 ൽ പ്രസിദ്ധീകൃതമായി .ചൈന യാ

ത്രാവിവരണം,ചാരത്തിൽ നിന്ന് പുനർജനിച്ച ഫീനിക്സ് പക്ഷികൾ,പഞ്ചതന്ത്രകഥയിൽ നിന്ന് തിരഞ്ഞെടുത്ത കഥകളുടെ കാവ്യാവിഷ്കാരം,കൂടാതെ ഇ-മലയാളിയിൽ ലേഖനങ്ങളും പ്രസിദ്ധീകരിച്ചു. ഹ്യൂസ്റ്റണിൽ നിന്നിറങ്ങുന്ന പ്രവാസി പത്രത്തിന്റെ എഡിറ്റോറിയൽ കഴിഞ്ഞ 15 വർഷമായി എഴുതുന്നു.ഖലീൽ ജിബ്രാന്റെ കവിതകളുടെ ഭാഷാന്തരത്തിന് ഇ-മലയാളിയുടെ അവാർഡ് ലഭിച്ചു.

ഞാനെഴുതിയ പത്ത് ഗാനങ്ങൾ കോർത്തിണക്കി വർണ്ണച്ചെപ്പ് എന്ന പേരിൽ ഒരു വിഷ്വൽ ഓഡിയോ പുറത്തിറങ്ങിയിരുന്നു. ദിലീഷ് പോത്തന്റെ സംവിധാനരംഗത്തേക്കുള്ള കാൽവയ്പ്പ് അതിലൂടെയായിരുന്നു. ഓരോ ഗാനവും ഓരോ ഹ്രസ്വചിത്രം പോലെ മനോഹരമായാണ് ചിത്രീകരിച്ചിട്ടുള്ളത്.'ജി.പുത്തൻകുരിശ്' എന്ന എന്റെ യൂട്യൂബ് ചാനലിൽ അത് കാണാം.

കുടുംബം?

ഭാര്യ ഗീത പീഡിയാട്രിക് നഴ്സായിരുന്നു,ഇപ്പോൾ വിരമിച്ചു. മിസോറി സിറ്റിയിലാണ് ഞങ്ങൾ താമസിക്കുന്നത്.മകൻ ഗ്ലെൻ ജോർജ് ടെക്സസ് ചിൽഡ്രൻസ് ഹോസ്പിറ്റലിൽ ആപ്ലിക്കേഷൻ ആർകിടെക്റ്റാണ്.മരുമകൾ : ഡോക്ടർ ആശ, ഡയബിറ്റോളജിയിൽ സ്പെഷ്യലയിസ് ചെയ്തിരിക്കുന്നു. അവർക്ക് ഒരു മകനുണ്ട്- എവൻ (അമേരിക്കൻ ഉച്ചാരണം) (9 വയസ്).മകൾ ഗ്ലെന്നി ഇലക്ട്രിക്കൽ എൻജിനീയറാണ്.മരുമകൻ ബെന്നി ടെക്സസ് സ്റ്റേറ്റ് ഓഡിറ്ററായി പ്രവർത്തിക്കുന്നു. അവർക്ക് മൂന്ന് മക്കൾ-ക്യാലി(8 വയസ്),ജൂഡ്(6 വയസ്),ബ്രൂക്ലിൻ (ഒന്നര വയസ്).